സി.ജി(1)37795/2010.

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി. 27-06-2011.

**Email : keralarcs@coop.kerala.gov.in**
**Website : www.cooperation.kerala.gov.in**

**Tel No. 0471 2330726**

**സർക്കുലർ നമ്പർ 49/2011**

വിഷയം :- സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന വിവിധയിനം വായ്പകളുടെ ഈട് വ്യവസ്ഥകൾ - സംബന്ധിച്ച്.

സൂചന : - 1) സഹകരണ സംഘം രജിസ്ട്രാറുടെ 14-11-2005 തീയതിലെ 45/05-ാം നമ്പർ സർക്കുലർ
2) നബാർഡ് ചീഫ് ജനറൽ മാനേജരുടെ 23-7-2010 തീയതിയിലെ എൻ.ബി.ഡിവിഡി - എഫ്എസ് 1960 റ്റി.സി - 1/2010 - 11 നമ്പർ കത്ത്.

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ, ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്ത കാർഷികേതര വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവയിൽ നിന്നും അംഗങ്ങൾക്ക് നൽകുന്ന വിവിധയിനം വായ്പകൾക്കുള്ള ഈടുകൾ സംബന്ധിച്ച് സൂചന 1 പ്രകാരം മാർഗ്ഗ നിർദേശം നൽകിയിരുന്നു. കാർഷിക വായ്പകളുടെ ഈട്/ജാമ്യ വ്യവസ്ഥകൾ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ വിലയിരുത്തുകയും പ്രത്യേക ഈട്/ജാമ്യ വ്യവസ്ഥകളില്ലാതെ ബാങ്കുകൾ വിതരണം ചെയ്യുന്ന കാർഷിക വായ്പകളുടെ പരിധി 50,000/- രൂപയിൽ നിന്നും 1 ലക്ഷം രൂപയായി ഉയർത്താൻ തീരുമാനിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആയത് സഹകരണ ബാങ്കുകൾക്ക് ബാധകമാക്കുന്നതിനും ആയത് നടപ്പാക്കുന്നതിനാവശ്യമായ നിർദേശം സഹകരണ ബാങ്കുകൾക്ക് നൽകണമെന്നും സൂചന 2 പ്രകാരം നബാർഡ് ആവശ്യപ്പെട്ടിരിക്കുന്നു. മേൽ സാഹചര്യത്തിൽ സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന വിവിധയിനം വായ്പകളുടെ ഈട്/ജാമ്യ വ്യസ്ഥകൾ ചുവടെ പറയുംപ്രകാരം പുതുക്കി നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ എന്നിവ പരമാവധി 1 ലക്ഷം രൂപ വരെയുള്ള കാർഷിക വായ്പകൾ അംഗങ്ങളുടെ പരസ്പര ജാമ്യത്തിന്മേൽ വിതരണം ചെയ്യാവുന്നതാണ്.

2. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ എന്നിവയിൽ നിന്നും നൽകുന്ന 1 ലക്ഷം രൂപയ്ക്ക് മുകളിൽ 3 ലക്ഷം രൂപ വരെയുള്ള കാർഷിക വായ്പകൾ വസ്തു ജാമ്യത്തിന്മേലോ, രണ്ടിൽ കുറയാത്ത കേന്ദ്ര/സംസ്ഥാന സർക്കാർ/അർദ്ധ സർക്കാർ ഉദ്യോഗസ്ഥന്മാരുടെ ശമ്പള സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലോ, ജാമ്യമായി സ്വീകരിച്ച് വായ്പ നൽകാവുന്നതാണ്.

3. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ, ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്ത കാർഷികേതര വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവ 50,000/- രൂപ വരെയുള്ള കാർഷികേതര വായ്പകൾ അംഗങ്ങളുടെ പരസ്പര ജാമ്യത്തിന്മേൽ വിതരണം ചെയ്യാവുന്നതാണ്.

4. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ, ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്ത കാർഷികേതര വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവയിൽ നിന്നും നൽകുന്ന 50,000/- രൂപയ്ക്കു മുകളിൽ 3 ലക്ഷം രൂപ വരെയുള്ള കാർഷികേതര വായ്പകൾ വസ്തു ഈടിന്മേലോ, രണ്ടിൽ കുറയാത്ത കേന്ദ്ര/സംസ്ഥാന സർക്കാർ/അർദ്ധ സർക്കാർ ഉദ്യോഗസ്ഥന്മാരുടെ ശമ്പള സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലോ ജാമ്യമായി സ്വീകരിച്ച് വായ്പ നൽകാവുന്നതാണ്. എന്നാൽ ജീവനക്കാർക്കായുള്ള സഹകരണ സംഘങ്ങളിൽ അംഗങ്ങളുടെ ശമ്പള സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ജാമ്യമായി സ്വീകരിച്ച് വായ്പ നൽകാവുന്നതാണ്. ശമ്പള ജാമ്യം സ്വീകരിക്കുമ്പോൾ മതിയായ ശമ്പളം ജാമ്യം, സർട്ടിഫിക്കറ്റിന്റെ കൃത്യത എന്നിവ ഉറപ്പു വരുത്തേണ്ടതാണ്.

5. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ, ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്ത കാർഷികേതര വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവയിൽ നിന്നും വിതരണം ചെയ്യുന്ന മൂന്ന് ലക്ഷം രൂപയിൽ അധികരിച്ച എല്ലാത്തരം വായ്പകളും(കാർഷികവും, കാർഷികേതരവും) വസ്തു ഈടിന്മേലോ, മതിയായ മറ്റ് ജാമ്യം ഉറപ്പുവരുത്തിയോ മാത്രമേ നൽകാൻ പാടുള്ളൂ.

സംസ്ഥാനത്തെ എല്ലാത്തരം വായ്പാ സഹകരണ സംഘങ്ങളും/ബാങ്കുകളും നിയമാനുസൃതം വ്യക്തമായ ജാമ്യ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ മാത്രമെ വായ്പകൾ വിതരണം ചെയ്യാൻ പാടുള്ളൂ. ജാമ്യം ആവശ്യമില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള വായ്പകൾ ഒഴികെയുള്ള എല്ലാ വായ്പകൾക്കും ജാമ്യ വ്യവസ്ഥകൾ

കർശനമായി പാലിക്കേണ്ടതാണ്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ പ്രവർത്തന രഹിതമായ പ്രദേശങ്ങൾ ഉൾപ്പെടെ കർഷകർക്ക് നേരിട്ട് കാർഷിക വായ്പ വിതരണം ചെയ്യാൻ അനുവാദമുള്ള ജില്ലാ സഹകരണ ബാങ്കുകൾ കാർഷിക വായ്പ വിതരണം ചെയ്യുമ്പോൾ മേൽസൂചിപ്പിച്ചിട്ടുള്ള കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്ക് ബാധകമായ ജാമ്യ/ഈട് വ്യവസ്ഥകൾ പാലിക്കേണ്ടതാണ്. സഹകരണ സംഘങ്ങൾ/ബാങ്കുകൾ വായ്പകൾ അനുവദിക്കുമ്പോൾ ജില്ലാതല ടെക്നിക്കൽ കമ്മിറ്റി നിശ്ചയിച്ചിട്ടുള്ള സ്കെയിൽ ഓഫ് ഫിനാൻസ് മാനദണ്ഡങ്ങൾ കൂടി കണക്കിലെടുക്കേണ്ടതാണ്. വായ്പകൾ നൽകുമ്പോൾ പാലിക്കേണ്ട ഇതര വ്യവസ്ഥകൾ സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുള്ള മറ്റു സർക്കുലർ നിർദേശങ്ങൾ തുടരുന്നതാണ്.

ഒപ്പ്
കെ.വി.സുരേഷ്ബാബു
സഹകരണ സംഘം രജിസ്ട്രാറുടെ
ചുമതല വഹിക്കുന്ന അഡീഷണൽ രജിസ്ട്രാർ(ക്രെഡിറ്റ്)

പകർപ്പ് :

1. എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ/ അർബൻ സഹകരണ ബാങ്കുകൾ (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന)
2. ജനറൽ മാനേജർ എല്ലാ ജില്ലാ സഹകരണ ബാങ്കുകളും
3. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്
4. എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
5. എല്ലാ ജോയിന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും
6. ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ (ജില്ലാ സഹകരണ ബാങ്ക്/സംസ്ഥാന സഹകരണ ബാങ്ക്).
7. ചീഫ് ജനറൽ മാനേജർ, നബാർഡ്, തിരുവനന്തപുരം
8. റീജിണൽ ഡയറക്ടർ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ, തിരുവനന്തപുരം.
9. സഹകരണ ആഡിറ്റ് ഡയറക്ടർ
10. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം.
11. എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേർണൽ
12. സഹകരണ സംഘം രജിസ്ട്രാറുടെ മേശപുറത്ത്
13. വെബ്സൈറ്റ്

// ആജ്ഞാനുസരണം//

Syamalakumari.

ഡെപ്യൂട്ടി രജിസ്ട്രാർ(ക്രെഡിറ്റ്)

കെഎസ്.